# പത്രകുറിപ്പ്

തിരുവനന്തപുരം നഗരത്തിൽ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രീയ സാമുദായിക സംഘടനകളുടെ മാർച്ചും ധർണയും **14.10.2018, 15.10.2018** തീയതികളിൽ നടക്കുന്നതിനോടനുബന്ധിച്ച് ഗതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

**14.10.2018 (ഞായറാഴ്ച)**

ശബരിമല സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ശബരിമല രക്ഷായാത്രയുടെ ഭാഗമായി അന്നേദിവസം രാവിലെ മുതൽ MC റോഡിലും, നഗരത്തിലെ പ്രധാന വീഥികളിലും ഗതാഗതക്രമീകരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഗതാഗത തിരക്ക് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വാഹനങ്ങൾ വഴിതിരിച്ച് വിടുന്നതാണ്.

**15.10.2018 (തിങ്കളാഴ്ച)**

ശബരിമല വിഷയവുമായി ബന്ധപ്പെട്ട് എൻ.ഡി.എ നടത്തുന്ന ശബരിമല സംരക്ഷണ ജാഥയുമായി ബന്ധപ്പെട്ട് അന്നേദിവസം രാവിലെ മുതൽ തിരുവനന്തപര നഗരത്തിലെ പ്രധാന വീഥിയായ കഴക്കൂട്ടം - ശ്രീകാര്യം - ഉള്ളൂർ – കേശവദാസപുരം - പട്ടം വരെയുള്ള റോഡിലും വെള്ളയമ്പലം - മ്യൂസിയം - ആർ.ആർ.ലാമ്പ് - രക്തസാകഷി മണ്ഡപം - വി.ജെ.റ്റി - സ്റ്റാച്ച്യൂ - ആയുർവേദ കോളേജ് – ഓവർ ബ്രിഡ്ജ് വരെയുള്ള റോഡിലും ഗതാഗത ക്രമീകരണങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ

- നെടുമങ്ങാട് ഭാഗത്തു നിന്നും തമ്പാനൂരിലേയ്ക്കും കിഴക്കേകോട്ടയിലേയ്ക്കും പോകേണ്ട വാഹനങ്ങൾ പേരൂർക്കടയിൽ നിന്നും തിരിഞ്ഞ് പൈപ്പിൻമൂട് - ശാസ്തമംഗലം - ഇടപ്പഴിഞ്ഞി - എസ്.എം.സി ജംഗ്ഷൻ വഴി പോകേണ്ടതാണ്.
- കഴക്കൂട്ടം - കോവളം ബൈപ്പാസ് വഴി ആറ്റിങ്ങൽ ഭാഗത്തു നിന്നും തമ്പാനൂർ – കിഴക്കേകോട്ട ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ കഴക്കൂട്ടം ബൈപ്പാസ് വഴി കുഴിവിള ജംഗ്ഷനിലെത്തി ഉള്ളൂർ – മെഡിക്കൽ കോളേജ് – കണ്ണമ്മൂല – പാറ്റൂർ – ആശാൻ സ്ക്വയർ – അണ്ടർ പാസ് വഴി പോകേണ്ടതാണ്.
- ജാഥകൾ പി.എം.ജിയിൽ എത്തുന്ന സമയം മുതൽ വെള്ളയമ്പലം ജംഗ്ഷനിൽ നിന്നും എല്ലാ വാഹനങ്ങളും ആൽത്തറ – എസ്.എം.സി - വഴുതക്കാട് - സാനഡു വഴി പോകേണ്ടതാണ്.
- തമ്പാനൂരിൽ നിന്നും NH & MC റോഡുകളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ ബേക്കറി - അണ്ടർ പാസ്സേജ് - പേട്ട – ചാക്ക ബൈപ്പാസിലെത്തി പോകേണ്ടതാണ്.
- കിഴക്കേകോട്ടയിൽ നിന്നും NH & MC റോഡുകളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ ആയുർവേദ കോളേജിൽ നിന്നും തിരിഞ്ഞ് കൈതമുക്ക്- പാറ്റൂർ വഴി പോകേണ്ടതാണ്.
- മാർച്ചിനോടനുബന്ധിച്ച് തിരുവനന്തപരം നഗരത്തിലെ ഔട്ടർ പോയിന്റുകളിൽ നിന്നും മാർച്ച് ആരംഭിക്കുന്ന സമയം മുതൽ നഗരത്തിലേയ്ക്ക് വരുന്നതും പോകുന്നതുമായ വാഹനങ്ങൾക്ക് തിരക്കനുസരിച്ച് ഗതാഗതക്രമീകരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

15.10.2018 തീയതി എൻ.ഡി.എ മാർച്ചിൽ പങ്കെടുക്കുന്നതിനുള്ള പ്രവർത്തകരുമായി പാറശ്ശാല, നേമം, നെയ്യാറ്റിൻകര ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ മരപ്പാലം റോഡിലും, കോവളം ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ കൊരുങ്ങാനൂർ – മരപ്പാലം റോഡിലും കാട്ടാക്കട, തിരുവനന്തപരം, കഴക്കൂട്ടം എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ SUT ഹോസ്പിറ്റൽ റോഡിലും, വട്ടിയൂർക്കാവ്, അരുവിക്കര എന്നീ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ പട്ടം കേന്ദ്രീയ വിദ്യാലയത്തിന് സമീപത്തും ആൾക്കാരെ ഇറക്കിയശേഷം ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.

മാർച്ച് കഴിഞ്ഞ ശേഷം ആറ്റുകാൽ പാർക്കിംഗ് ഗ്രൗണ്ടിൽ പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ മുൻ നിശ്ചയിച്ച പ്രകാരമുള്ള സ്ഥലങ്ങളിലെത്തി പ്രവർത്തകരെ കയറ്റി പോകേണ്ടതാണ്.

വാഹനങ്ങൾ ഗതാഗതതടസ്സം കൂടാതെ പോകേണ്ട സ്ഥലങ്ങൾക്കനുസരിച്ച് പാർക്ക് ചെയ്യേണ്ടതാണ്. റോഡിനു സമാന്തരമായോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്യുവാൻ പാടില്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഡ്രൈവറുടേയോ, വാഹന ഉടമയുടേയോ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

മാർച്ച് കഴിഞ്ഞ് വിവധ സ്ഥലങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ ആളെ എടുത്ത് ബൈപ്പാസിലൂടെ തന്നെ വടക്ക് ഭാഗത്തേയ്ക്കും തെക്ക്ഭാഗത്തേയ്ക്കും പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽപ്പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങൾക്കും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി